**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 444** **21-03-2025 - ൽ മറുപടിയ്ക്ക്**

**മിഠായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. സണ്ണി ജോസഫ് , ശ്രീ. ചാണ്ടി ഉമ്മൻ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ടൈപ്പ് വൺ പ്രമേഹരോഗം ബാധിച്ച കുട്ടികൾക്ക് നൽകിവരുന്ന ചികിത്സാ സഹായമായ 'മിഠായി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. ടൈപ്പ് 1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആരോഗ്യ, ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന പദ്ധതികൂടിയാണ് മിഠായി.<br>കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റു സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ഉൾപ്പെടെ ആറുഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത് പദ്ധതികൂടിയാണിത്. ടൈപ്പ് 1 പ്രമേഹം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പദ്ധതിയിലൂടെ സേവനം നൽകുന്നു. പ്രത്യേക സോഫ്റ്റ്‌വെയർ (www.mittayi.org) വഴിയാണ് രജിസ്ട്രേഷനും തുടർ നടപടികളും സ്വീകരിച്ചുവരുന്നത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മിഠായി മെയിൻ ക്ലിനിക്കുകളും, മറ്റു 9 ജില്ലകളിൽ മിഠായി സാറ്റലൈറ്റ് ക്ലിനിക്കുകളും പ്രവർത്തിക്കുന്നു.<br><br>മിഠായി പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും എളുപ്പത്തിൽ ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. ഇതുവരെ 1908 കുട്ടികൾക്ക് മിഠായി പദ്ധതി കൈത്താങ്ങായിട്ടുണ്ട്. 6 ലക്ഷം രൂപ വീതം വിലവരുന്ന ഇൻസുലിൻ പമ്പ് 12 പേർക്ക് നൽകിയിട്ടുണ്ട്. അതിന്റെ കൺസ്യൂമബിൾസിനായി മാത്രം പ്രതിമാസം 23,033/- രൂപയുടെ ആനുകൂല്യം |

| | | | |
|---|---|---|---|
| | | | മിഠായി പദ്ധതി മുഖേന ഇൻസുലിൻ പമ്പ് ഗുണഭോക്താവിന് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് നൽകേണ്ട തുകയിൽ കുടിശികയുണ്ടോ; എങ്കിൽ അത് നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | മിഠായി പദ്ധതി വഴി സാമ്പത്തിക ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ